വീട്ടമ്മമാരുടെ മാല പൊട്ടിച്ച് ഇരുചക്രവാഹനത്തിൽ കടന്നുകളഞ്ഞയാളെ പിടികൂടി. കീരംപാറ തട്ടേക്കാട് കൊണ്ടിമറ്റം പുത്തൻപുര വീട്ടിൽ സിനു കുട്ടപ്പൻ (41) നെയാണ് കോതമംഗലം പോലീസ് അറസ്റ്റ് ചെയ്തത്. ചേലാട് കള്ളാട് ഭാഗത്ത് നിന്നും പാടംമാലിയിൽ നിന്നും പട്ടാപ്പകൽ വഴിയെ പോയ വീട്ടമ്മമാരുടെ മാലപൊട്ടിച്ച് ഇരുചക്ര വാഹനത്തിൽ കടന്നുകളയുകയായിരുന്നു. കള്ളാട് വീട്ടമ്മയുടെ മാല പൊട്ടിക്കാൻ ശ്രമിച്ചെങ്കിലും ബഹളം വച്ചതോടെ ശ്രമം വിഫലമായി .